ഐ. എൻ. എ. കാക്കു് ഗ്രാൻറു്

(പി. ടി. ഐ.) ന്യൂഡൽഹി മാ. 21

ഐ. എൻ. എയിൽ നേവന്മെന്തുഷ്ടിച്ചതിൻറെ ഫലമായി അംഗമെവകല്യം വന്ന ഇന്ത്യൻ മെസന്നികൾക്കും, മകാല്ലപ്പെട്ട മെസന്നികരുടെ ആശ്രിതർക്കും 400 ഉറപ്പിക മുതൽ 800 രൂ. വരെ ഗ്രാൻറു് നല്കുവാൻ ഇന്ത്യാഗവണ്മെന്റു് തീരുമാനിച്ചിരിക്കുന്നു 1949-ൽ നല്കപ്പെട്ട ഗ്രാന്റിൻറെ വ്യവസ്ഥകളനുസരിച്ചാണു് ഇതിനും ഉള്ളതു്.

Reg: No. K. 31

തൊഴിലാളി

Founder: Father Vadakkan

Honorary Chief Editor T. O. Mathew M. A. :: Managing Editor B. Wellington B. A.

'തൊഴിലാളി' വരിസംഖ്യ നിരക്കു്

	പോസ്റ്റുവഴി	വാരാന്ത്യപ്പതിപ്പു് പോസ്റ്റുവഴി
ഒരു കൊല്ലത്തേയ്ക്കു്	27_00	6_00
6 മാസത്തേയ്ക്കു്	18_50	3_00
1 മാസത്തേയ്ക്കു്	4_65	1_50
ഏജൻറുമാർവഴി ഒരു മാസത്തേയ്ക്കു്		
വാരാന്ത്യപ്പതിപ്പു് അടക്കം		2_10
ഓരോപ്രതി	0_07	0_10

മാനേജർ.

പുസ്തകം 12 | ലക്കം 79 | മാർച്ചു് 22 തിങ്കളാഴ്ച തൃശ്ശൂർ | വില 4 പൈസ | പേജു് 2

ഉടനെ വെടിനിർത്തണം

ഇന്ത്യ പാക്കിസ്ഥാനോടു് ആവശ്യപ്പെട്ടു

പാക്കു് ആരോപണങ്ങൾ അപഹാസ്യം

(പി. ടി. ഐ) ന്യൂഡൽഹി, മാർച്ചു് 21

ദഫോഗ്രാമിലെ സ്ഥിതിഗതികളെപ്പറ്റി അന്വേഷിക്കുന്നതിന്നായി പാക്കിസ്ഥാനു് ഒരു അന്വേഷണസംഘത്തെ അയക്കണമെന്നുള്ള നിർദ്ദേശത്തെ ഇന്ത്യാഗവണ്മെണ്ടു് തള്ളിക്കളഞ്ഞിരിക്കുന്നു.

നടക്കാത്ത ഒരാക്രമണത്തെ സംബന്ധിച്ചു് ഒരു അന്വേഷണം നടത്തുന്ന പ്രശ്നമേ ഇല്ലെന്നു് വിദേശകാര്യാലയം പറഞ്ഞപ്പോൾ ഇന്ത്യാഗവണ്മെണ്ടു് മറുപടി നല്കിയിരുന്നു.

പ്രസ്താവന തുടരുന്നു:-

ദഫോഗ്രാമിനെ ഇന്ത്യൻസേന അധിനിവേശപ്പെടുത്തിയെന്നു് പറയുന്നതിനെ ഇന്ത്യാ ഗവണ്മെണ്ടു് കട്ടായമായി നിഷേധിച്ചിരിക്കുന്ന സ്ഥിതിക്കു്, പാക്കിസ്ഥാൻ ആരോപണങ്ങളെ ഉയർത്തിക്കൊണ്ടിരിക്കുന്നതും, ദഫോഗ്രാമിൽ ഒരു അന്വേഷണം വേണമെന്നു് നിർബ്ബന്ധിക്കുന്നതും അത്ഭുതകരമായിരിക്കുന്നു. പശ്ചിമബംഗാളിലെയും, കിഴക്കൻ പാക്കിസ്ഥാനിലെയും പീഡ് സിക്തർമാർ സ്വദേശികളിച്ചു് ഇപ്പ പ്രശ്നത്തെ സംബന്ധിച്ചു് പുച്ഛം പ്രകടിപ്പിച്ചതുകൊണ്ടു് ഇന്ത്യാഗവണ്മെണ്ടിൻറെ നിർദ്ദേശത്തിൽനിന്നു് ശ്രദ്ധ തിരിച്ചുവിടുന്നതിന്നാണു് പാക്കിസ്ഥാൻ അന്വേഷണം വേണമെന്നു് അപേക്ഷിച്ചതു് എടുത്തിട്ടുള്ളതു്.

ഇന്ത്യക്കു് പാക്കിസ്ഥാനിൽ 123 സ്ഥലങ്ങളിലും, പാക്കിസ്ഥാനു് ഇന്ത്യയിൽ 74 സ്ഥലങ്ങളും ഉണ്ടു്.

ഈ സ്ഥലങ്ങളിൽ നിയമിക്കുന്നവർക്കും, അല്ലാതെയുള്ള ഉദ്യോഗസ്ഥന്മാർക്കും ഈ സ്ഥലങ്ങളിൽനിന്നുള്ള പോക്കുവരവു് ഉടനടി നിർത്തിവയ്ക്കുന്നതിന്നു് മാത്രമേ ഉപകരിക്കുകയുള്ളുവെന്നു് സോവിയറ്റു് ഗവണ്മെണ്ടു് പത്രമായ ഇസ്വെസ്തിയ മുന്നറിയിപ്പു് ചെയ്തിരിക്കുന്നു.

മോസ്കോയിലെ അമേരിക്കൻ എംബസിക്കു് മുമ്പിൽ നടന്ന പ്രകടനത്തെ തുടർന്നുള്ള രീതിയിലാണു് ചൈന ചിത്രീകരിക്കുന്നതു്. യഥാർത്ഥത്തിൽ ഇന്നോ ഒരാഴ്ചയിൽ അതിലേറെ നടത്തിയ ആക്രമണങ്ങൾക്കു് എതിരായിരുന്നില്ല ആ പ്രകടനം. പ്രകടനത്തിൻറെ ഉദ്ദേശ്യം മറ്റു ചിലതായിരുന്നു. ചൈനീസ് വിദ്യാർത്ഥികളും മോസ്കോയിലെ അമേരിക്കൻ എംബസിക്കു് മുമ്പിൽ കൂടിയതു് എന്തുകൊണ്ടാണെന്നു് പ്രകടനത്തിനു വന്നതു്. അവർ നിരായുധരായ പൊലീസുകാരെ ആക്രമിക്കുകയും പരിക്കേല്പിക്കുകയും ചെയ്തതുമാത്രം പത്രം വെണ്ടിക്കാണിക്കുന്നു.

....

തിരുവൻ രാജവീഥിയിൽ അപകടങ്ങളുടെ ഘോഷയാത്ര

[പി ടി ഐ] കാഞ്ഞിരപ്പള്ളി മാ: 21 കാഞ്ഞിരപ്പള്ളി ശ്രീ ചിത്തിര തിരുനാൾ രാജവീഥിയിൽ മോട്ടോർ അപകടങ്ങൾ വർദ്ധിച്ചിരിക്കുകയാണു്. ഇന്നലെ 8000 അടി ഉയരത്തിൽനിന്നു് 400 അടി താഴെയുള്ള ഒരു കഴിയിലേക്കു് ഒരു ടാക്സി കാർ മറിഞ്ഞതിൻറെ ഫലമായി നാലുപേർ കൊല്ലപ്പെട്ടു. മൂന്നുപേർക്കു് പരിക്കു പറ്റി. കഴിഞ്ഞ തിങ്കളാഴ്ച ഉണ്ടായ മറ്റുപോലുള്ള ഒരു അപകടത്തിൽ 13 പേർ കൊല്ലപ്പെട്ടു. ഈ മാസത്തിൽ ഉണ്ടായ അപകടങ്ങളിൽ ആകെ 22 പേർ കൊല്ലപ്പെട്ടിട്ടുണ്ടു്.

—

പോലീസുകാരുടെ മിക്കലായിരുന്ന പ്രകടനത്തിൻറെ ലക്ഷ്യം മോസ്കോ പീക്കിങ്ങിനെ കുറ്റപ്പെടുത്തുന്നു

[പി ടി ഐ] മോസ്കോ മാ. 21

സോവിയറ്റു് യൂനിയനെതിരായി ചൈന നടത്തുന്ന വിലകെട്ട പ്രചരണം സിനോ-സോവിയറ്റു് ബന്ധങ്ങളെ കൂടുതൽ വഷളാക്കുന്നതിന്നു് മാത്രമേ ഉപകരിക്കുകയുള്ളുവെന്നു് സോവിയറ്റു് ഗവണ്മെണ്ടു് പത്രമായ ഇസ്വെസ്തിയ ചൈനയെ താക്കീതു് ചെയ്തിരിക്കുന്നു.

മോസ്കോയിലെ അമേരിക്കൻ എംബസിക്കു് മുമ്പിൽ നടന്ന പ്രകടനത്തെ തൊറ്റായ രീതിയിലാണു് ചൈന ചിത്രീകരിക്കുന്നതു്. യഥാർത്ഥത്തിൽ ഇന്നോ ഒരാഴ്ചയിൽ അതിലേറെ നടത്തിയ ആക്രമണങ്ങൾക്കു എതിരായിരുന്നില്ല ആ പ്രകടനം. പ്രകടനത്തിൻറെ ഉദ്ദേശ്യം മറ്റു ചിലതായിരുന്നു. ചൈനീസ് വിദ്യാർത്ഥികളും മോസ്കോയിലെ അമേരിക്കൻ എംബസിക്കു മുമ്പിൽ കൂടിയതു് എന്തുകൊണ്ടാണെന്നു് പ്രകടനത്തിനു വന്നതു്. അവർ നിരായുധരായ പൊലീസുകാരെ ആക്രമിക്കുകയും പരിക്കേല്പിക്കുകയും ചെയ്തതുമാത്രം പത്രം ചൂണ്ടിക്കാണിക്കുന്നു.

....

തിരുവൻ രാജവീഥിയിൽ അപകടങ്ങളുടെ ഘോഷയാത്ര

[പി ടി ഐ] കാഞ്ഞിരപ്പള്ളി മാ: 21 കാഞ്ഞിരപ്പള്ളി ശ്രീ ചിത്തിര തിരുനാൾ രാജവീഥിയിൽ മോട്ടോർ അപകടങ്ങൾ വർദ്ധിച്ചിരിക്കുകയാണു്. ഇന്നലെ 8000 അടി ഉയരത്തിൽനിന്നു് 400 അടി താഴെയുള്ള ഒരു കഴിയിലേക്കു് ഒരു ടാക്സി കാർ മറിഞ്ഞതിൻറെ ഫലമായി നാലുപേർ കൊല്ലപ്പെട്ടു. മൂന്നുപേർക്കു് പരിക്കു പറ്റി. കഴിഞ്ഞ തിങ്കളാഴ്ച ഉണ്ടായ മറ്റുപോലുള്ള ഒരു അപകടത്തിൽ 13 പേർ കൊല്ലപ്പെട്ടു. ഈ മാസത്തിൽ ഉണ്ടായ അപകടങ്ങളിൽ ആകെ 22 പേർ കൊല്ലപ്പെട്ടിട്ടുണ്ടു്.

—

കേരളത്തിൽ കോൺഗ്രസ്സിനേറ്റ പരാജയം പ്രതീക്ഷിച്ചതായിരുന്നു

അമേരിക്കയിലെ 'ടൈം വാരിക'യുടെറിപ്പോർട്ടു്

ന്യൂഡൽഹി മാ. 20

അധികാരമേറ്റതിനുശേഷം ഇതാദ്യമായി ഇന്ത്യാഗവണ്മെൻറിനു് കേരളാ മന്ത്രിസഭയുടെ രാജികാര്യം ചെയ്യുന്ന മന്നാണു്. റിപ്പോർട്ടിൽ ഇങ്ങനെ പറയുന്നു: 'കഴിഞ്ഞ ജൂണിൽ അധികാരമേറ്റതിനുശേഷം ഇതാദ്യമായി പതിനെട്ടു മാസത്തിനിടയിൽ ആദ്യമായി പ്രധാനമന്ത്രി ശ്രീ ലാൽബഹദൂർ ശാസ്ത്രിയുടെ ഭരണകക്ഷിയായ കോൺഗ്രസ്സിനു് തെക്കുള്ള പ്രധാനസംസ്ഥാനമായ കേരളത്തിൽ അവരുടെ ആദ്യത്തെ തിരഞ്ഞെടുപ്പു തിരിച്ചടി സംഭവിച്ചു. ഇങ്ങനെ ഒരു തിരിച്ചടി ആ പാർട്ടിക്കു് അവിടെ നൂറ്റാണ്ടിലൊരിക്കലോ മറ്റോ ആയിരുന്നു.

കാരണം കഴിഞ്ഞ മാസങ്ങളായി ഭക്ഷ്യദൌർലഭ്യം, വെള്ളപ്പൊക്കം ഒരിനത്തിലും അഴിമതിക്കേസ്സുകൾ, ഫിനിഷ് ഉണ്ടാക്കുമെന്നുള്ള അക്രമാസക്തമായ ഭാഷണങ്ങൾ തുടങ്ങി പലവിധ 'കഴുപ്പുകളിൽപ്പെട്ടു്' ഇന്ത്യ ഉലയുകയായിരുന്നു.

കേരളം ഭരണകക്ഷിക്കു് എല്ലാ തരത്തിലും കഴുപ്പംപിടിച്ച ഒരു പരീക്ഷണമേഖലയാണു്. ഫിനിഷ് പ്രശ്നത്തിൻറെ പേരിൽ കേരളത്തിലെ മലയാളം സംസാരിക്കുന്ന ജനങ്ങൾ പോസ്റ്റ് ഓഫീസുകൾ അക്രമിക്കുകയും തീയിൽവേപാളങ്ങൾ തകർക്കുകയും ചെയ്തിട്ടുണ്ടു്. സാക്ഷരതമാനത്തിൽ മാത്രമല്ല ഇന്ത്യയിൽ ക്രമസ്സുൻ ജനസംഖ്യയുടെ കാര്യത്തിലും മുൻപന്തിയിൻ നിൽക്കുന്ന പുരോഗമന മനോഭാവമുള്ള ഈ സംസ്ഥാനം പൊതുവിൽ പഠഞ്ഞാൽ ദൈനരാശ്യജനകമാംവിധം ദരിദ്രമാണു്.

1957-ൽ ഈ സ്റ്റേറ്റിൽ കമ്മൂണിസ്റ്റുകാർ ഭരണം പിടിച്ചെടുക്കുകയും 27 മീരമാസത്തിൽ അവിടെ ഭരണം നടത്തി വരികയും ചെയ്തു. ഈ ഭരണത്തിൻറെ ഫലമായി ഇന്ത്യയിൽ ഒരു 'പ്രസിഡൻഷ്യൽ ഡിക്റ്റേ' മൂലം അധികാരത്തിൽ നിന്നും നിഷ്കാസിതരാവുകയും ചെയ്തു.

കഴിഞ്ഞയാഴ്ച കേരളത്തിൽ വോട്ടെണ്ണിയപ്പോഴും കേരളത്തിലെപ്പോലെയായിരുന്ന മേയും അസ്ഥാനത്തല്ലായിരുന്നു എന്നു് മനസ്സിലാക്കുന്നു. 133 സീറ്റുകളിൽ പെക്കിംഗ് കമ്മൂണിസ്റ്റുകൾ കോൺഗ്രസ്സിനോടു് മത്സരിക്കുകയുണ്ടായി. 58 സീറ്റുകൾ നേടി. കോൺഗ്രസ്സിൽനിന്നും മിന്നിച്ചു പോയ കേരളാ കോൺഗ്രസ്സുകാർ 25 സീറ്റുകളിലേ മുന്നിൽസ്ഥാനത്തുള്ളുവെന്നും, പക്ഷേ മോസ്കോ പക്ഷപാതികളായ കമ്മൂണിസ്റ്റുകൾ 78 സീറ്റിൽ മത്സരിച്ചുകിലും 3 സീറ്റു് മാത്രം നേടാൻ കഴിഞ്ഞ അവർക്കു് ലഭിയനിയമായ പരാജയമാണു് സംഭവിച്ചതു്.

ഇതിരഞ്ഞെടുപ്പുഫലങ്ങൾ വന്നുകൊണ്ടിരുന്നപ്പോൾതന്നെ പ്രധാനമന്ത്രിശാസ്ത്രി കുംബിനാഥിൻറെ ഭരിച്ചുകൊണ്ടിരുന്നു. വിളിച്ചുകൂട്ടി. ചൈക്കിംഗ് പക്ഷപാതികളായ കമ്മൂണിസ്റ്റുകൾക്കു് അവരുടെ തിരഞ്ഞെടുപ്പുവിജയം നിഷേധിക്കപ്പെട്ടതെന്നു് ഏകാഭിപ്രായം തീർച്ചയായി. അവർ നിരത്തിയ 29 സ്ഥാനാർത്ഥികളിൽ 29 പേർ തോറ്റു. ഇന്ത്യാ ആകമിച്ചപ്പോൾ ഉണ്ടാക്കിയ ദേശീയനിരോധിനിയമപ്രകാരം തടവുശിക്ഷ അനുഭവിക്കുകയാണു്. കേരളത്തിൻറെ ഭരണം ഇനിയും ഒരു നിയമിക്കപ്പെട്ടുന്ന ഗവണ്മെൻറു് എൽപ്പിക്കേണ്ടിവരികയാണു് ശാസ്ത്രി ഇനിത്തന്നെ ചെയ്യാൽ ഗവണ്മെണ്ടിനെതിരായി സംസ്ഥാനവ്യാപകമായ പ്രക്ഷോഭണമാരംഭിക്കുമെന്നു് കേരളത്തിലെ ചുവപ്പന്മാരുടെ നേതാവു് ശ്രീ ഇ. എം. എസ്. നമ്പൂതിരിപ്പാടു് പ്രഖ്യാപിച്ചു കഴിഞ്ഞിട്ടുമുണ്ടു്.

ചൈനയുടെ നീക്കത്തിൽ വികസനമോഹം മാത്രമല്ല ചേരിചേരാനയം നശിപ്പിക്കലുമായിരുന്നുലക്ഷ്യം

വിദേശകാര്യാലയത്തിൻറെ വാർഷികറിപ്പോർട്ടു്

[പി ടി ഐ] ന്യൂഡൽഹി മാ. 21

വികസനമോഹം മാത്രമല്ല താത്വികമായ പ്രേരണകൾകൂടി ഇന്തുഷ്കതിരായ ചൈനീസ് ആക്രമണത്തിൽ തെളിഞ്ഞുകാണുന്നതെന്നു് വിദേശകാര്യവകുപ്പിൻറെ വാർഷികറിപ്പോർട്ടിൽ കാണുന്നു.

ചൈന വിദ്വേഷം ചെയ്യുന്ന താത്വികമണ്ഡലത്തിൻറെ ഇടമേലയായ എഷ്യ, ആഫ്രിക്ക, ലാറ്റിൻ അമേരിക്ക എന്നീ ത്രിവിഭാഗങ്ങളിലേക്കു് ചൈനയുടെ പ്രവേശിക്കുവാനുള്ള താക്കോൽ ഇന്തൃയുടെ കയ്യിലാണു്. ആഫ്രോ-ഏഷ്യൻ ലോകത്തിൽ ഇന്ത്യയ്ക്കു് അന്തസ്സും, ബഹുമാനവും നേടിക്കൊടുത്ത ഇന്ത്യയുടെ ചേരിചേരാനയത്തെ യശിപ്പിക്കലാണു് ചൈന ഉദ്ദേശിച്ചതു്.

ഇന്ത്യയുടെ നേതൃത്വത്തേയും, വിദേശ-ആഭ്യന്തരനയങ്ങളേയും താറടിക്കുന്നതിനുള്ള കപ്രചരണമാണു് ചൈന ഇപ്പോൾ നടത്തുന്ന ഒരു യുദ്ധമെന്നും ചൂണ്ടിക്കാണിക്കുന്നു.

ഇന്ത്യയുടെ ഭൂപ്രദേശത്തേയും, വിദേശ-ആഭ്യന്തരനയങ്ങളേയും താറടിക്കുന്നതിനുള്ള കപ്രചരണമാണു് ചൈന ഇപ്പോൾ നടത്തുന്ന ഒരു യുദ്ധമെന്നും ചൂണ്ടിക്കാണിക്കുന്നു.

വിദ്യാഭ്യാസമന്ത്രിമാർ സമ്മേളിക്കുന്നു

സുപ്രധാനപ്രശ്നങ്ങൾ ചർച്ചക്കു്

(പി ടി ഐ) ന്യൂഡൽഹി, മാർച്ചു് 21

സംസ്ഥാനവിദ്യാഭ്യാസമന്ത്രിമാരുടെ ഒരു സമ്മേളനം ജൂൺ 5, 6 എന്നീ തിയതികളിൽ ശ്രീനഗറിൽ വിളിച്ചുകൂട്ടുവാൻ കേന്ദ്ര വിദ്യാഭ്യാസമന്ത്രി ശ്രീമതി തീരുമാനിച്ചിരിക്കുന്നു.

രാജ്യത്തെ വിദ്യാഭ്യാസ വികസനപദ്ധതിയെ സംബന്ധിച്ചു് സമ്മേളനം പരിഗണിക്കുന്നതാണു്, അതിനു് പുറമേ അദ്ധ്യാപകരുടെ ശമ്പളപരിഷ്കരണം, വിദ്യാർത്ഥികളുടെ അച്ചടക്കരാഹിത്യം, ഉന്നതവിദ്യാഭ്യാസത്തെ സംബന്ധിക്കുന്ന സപ്രധാനപ്രശ്നങ്ങൾ എന്നിവയും സമ്മേളനത്തിൻറെ പരിഗണനക്കു് വരുന്നതാണു്.

കേരളാ കഴുപ്പു്' എന്ന ശീർഷകത്തിൽ പത്രിക പ്രസിദ്ധീകരിച്ചിരിക്കുന്ന 4-മേജർത്ത മുഖപ്രസംഗത്തിലാണു് ഈ മുന്നറിയിപ്പു് അടങ്ങിയിരിക്കുന്നതു്. തെരഞ്ഞെടുക്കപ്പെട്ട 29 കമ്മൂണിസ്റ്റു് മെമ്പർമാരിൽ ഭൂരിപക്ഷവും മോചിപ്പിക്കുന്നില്ല എന്ന കേന്ദ്ര ആഭ്യന്തരവകുപ്പിൻറെ ഉറച്ച നിലപാടിൻറെ അടിസ്ഥാനത്തിൽ വീണ്ടും പ്രസിഡണ്ടുഭരണം ഏർപ്പെടുത്താൻ കേന്ദ്രം തീരുമാനിച്ചു കഴിഞ്ഞു എന്നതാണെന്നും എന്നാൽ ആ തീരുമാനം കേരളത്തിലെ ജനങ്ങളിലുണ്ടാക്കുന്ന പ്രതികരണം എന്തായിരിക്കുമെന്നു് ആലോചിക്കാൻ കേന്ദ്ര നേതൃത്വത്തിനു് ബാധ്യതയുണ്ടെന്നും പത്രം പറയുന്നു. കേരളത്തിലെ ജനങ്ങളും ഏതെങ്കിലും ഒരു കക്ഷിക്കുവേണ്ടി വോട്ടു ചെയ്തു് അവരെ അധികാരത്തിലേറ്റാൻ കൂട്ടുനിന്നില്ല എന്നതാണു് സത്യമെങ്കിലും അവർ പ്രസിഡണ്ടുഭരണമേർപ്പെടുത്തുന്നതിനു വേണ്ടിയല്ല വോട്ടു് ചെയ്തിരിക്കുന്നതെന്നു് മാർക്കാടുന്നതല്ല എന്നും മുഖപ്രസംഗം പറയുന്നു.

പത്രം ഇങ്ങനെ: അല്പംകൂടി അയവുള്ള ഒരു നിലപാടു് കോൺഗ്രസ്സ് ഹൈക്കമാണ്ടു് സ്വീകരിച്ചാൽ കേരളത്തിൽ പ്രസിഡണ്ടുഭരണം ഒഴിവാക്കാവുന്നതേയുള്ള. പ്രസിഡണ്ടുഭരണം മരിവാക്കി ജനാധിപത്യഭരണം പുനഃസ്ഥാപിക്കാൻ തത്വത്തിൽ ബലികഴിക്കാതെ തന്നെ തക്കം പരമാവധി പരിശ്രമിച്ചുവെന്നു് കേരളത്തിലെ ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ കോൺഗ്രസ്സ് നേതൃത്വത്തിനു് കഴിഞ്ഞില്ലെങ്കിൽ അതിൻറെ ഫലം പ്രസിഡണ്ടുഭരണം അടിച്ചേല്പിക്കുന്നതിനേക്കാൾ മുഴുവൻ ഉത്തരവാദിത്വവും കോൺഗ്രസ്സിൽ നിക്ഷിപ്തമാകുമെന്നതാണു്. അതിൻറെ ഫലം കോൺഗ്രസ്സിലെ വിഭാഗീയത വർദ്ധിക്കലും കമ്മൂണിസ്റ്റു് ഇതര പക്ഷത്തിൻറെ വളർച്ചയുമായിരിക്കും എന്നതു് തീച്ചയാണു്. കമ്മൂണിസ്റ്റുകാരെ അധികാരഭ്രഷ്ടരാക്കാൻ കരിക്കൽ കോൺഗ്രസ്സിനു് മുസ്ലീംലീഗുമായും പി. എസ്. പി. ക്കാരുമായും നായനാരുമായും കൂട്ടുചേരാമെങ്കിൽ ഇന്നു ആ സ്റ്റോറിൽ പ്രസിഡണ്ടുഭരണമൊഴിവാക്കാൻ കോൺഗ്രസ്സിനു് എന്തുകൊണ്ടു് കേരളാ കോൺഗ്രസ്സുമായി കൂട്ടുചേർന്നുകൂടാ എന്നു് ചോദിച്ചുകൊണ്ടാണു് മുഖപ്രസംഗം ഉപസംഹരിച്ചിരിക്കുന്നതു്.

പ്രസിഡണ്ടു് ഭരണംകൊണ്ടൊന്നും കോൺഗ്രസ്സിനു് കേരളത്തിൽരക്ഷയില്ല

'അമൃതബസാർ പത്രിക'യുടെ മുന്നറിയിപ്പു്

കൽക്കട്ടാ, മാർച്ചു് 20

കേരളത്തിൽ പ്രസിഡണ്ടുഭരണം തുടരുമാണെ് കേന്ദ്രഗവണ്മെണ്ടും കോൺഗ്രസ്സും തയ്യാറാകുന്നതെങ്കിൽ അതു് കമ്മൂണിസ്റ്റുകാരുടെ വളർച്ചയ്ക്കും കോൺഗ്രസ്സിൻറെ തകർച്ചയ്ക്കും കാരണമാകുമെന്നു് പശ്ചിമബംഗാളിലെ കോൺഗ്രസ്സ് പത്രമായ 'അമൃതബസാർ പത്രിക' കോൺഗ്രസ്സ് നേതൃത്വത്തിനു് മുന്നറിയിപ്പു് നൽകിയിരിക്കുന്നു.

'കേരളാ കഴുപ്പു്' എന്ന ശീർഷകത്തിൽ പത്രിക പ്രസിദ്ധീകരിച്ചിരിക്കുന്ന 4-മേജർത്ത മുഖപ്രസംഗത്തിലാണു് ഈ മുന്നറിയിപ്പു് അടങ്ങിയിരിക്കുന്നതു്. തെരഞ്ഞെടുക്കപ്പെട്ട 29 കമ്മൂണിസ്റ്റു് മെമ്പർമാരിൽ ഭൂരിപക്ഷവും മോചിപ്പിക്കുന്നില്ല എന്ന കേന്ദ്ര ആഭ്യന്തരവകുപ്പിൻറെ ഉറച്ച നിലപാടിൻറെ അടിസ്ഥാനത്തിൽ വീണ്ടും പ്രസിഡണ്ടുഭരണം ഏർപ്പെടുത്താൻ കേന്ദ്രം തീരുമാനിച്ചു കഴിഞ്ഞു എന്നതാണെന്നും എന്നാൽ ആ തീരുമാനം കേരളത്തിലെ ജനങ്ങളിലുണ്ടാക്കുന്ന പ്രതികരണം എന്തായിരിക്കുമെന്നു് ആലോചിക്കാൻ കേന്ദ്ര നേതൃത്വത്തിനു് ബാധ്യതയുണ്ടെന്നും പത്രം പറയുന്നു. കേരളത്തിലെ ജനങ്ങളും ഏതെങ്കിലും ഒരു കക്ഷിക്കുവേണ്ടി വോട്ടു ചെയ്തു് അവരെ അധികാരത്തിലേറ്റാൻ കൂട്ടുനിന്നില്ല എന്നതാണു് സത്യമെങ്കിലും അവർ പ്രസിഡണ്ടുഭരണമേർപ്പെടുത്തുന്നതിനു വേണ്ടിയല്ല വോട്ടു് ചെയ്തിരിക്കുന്നതെന്നു് മാർക്കാടുന്നതല്ല എന്നും മുഖപ്രസംഗം പറയുന്നു.

പത്രം ഇങ്ങനെ: അല്പംകൂടി അയവുള്ള ഒരു നിലപാടു് കോൺഗ്രസ്സ് ഹൈക്കമാണ്ടു് സ്വീകരിച്ചാൽ കേരളത്തിൽ പ്രസിഡണ്ടുഭരണം ഒഴിവാക്കാവുന്നതേയുള്ള. പ്രസിഡണ്ടുഭരണം മരിവാക്കി ജനാധിപത്യഭരണം പുനഃസ്ഥാപിക്കാൻ തത്വത്തിൽ ബലികഴിക്കാതെ തന്നെ തക്കം പരമാവധി പരിശ്രമിച്ചുവെന്നു് കേരളത്തിലെ ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ കോൺഗ്രസ്സ് നേതൃത്വത്തിനു് കഴിഞ്ഞില്ലെങ്കിൽ അതിൻറെ ഫലം പ്രസിഡണ്ടുഭരണം അടിച്ചേല്പിക്കുന്നതിനേക്കാൾ മുഴുവൻ ഉത്തരവാദിത്വവും കോൺഗ്രസ്സിൽ നിക്ഷിപ്തമാകുമെന്നതാണു്. അതിൻറെ ഫലം കോൺഗ്രസ്സിലെ വിഭാഗീയത വർദ്ധിക്കലും കമ്മൂണിസ്റ്റു് ഇതര പക്ഷത്തിൻറെ വളർച്ചയുമായിരിക്കും എന്നതു് തീച്ചയാണു്. കമ്മൂണിസ്റ്റുകാരെ അധികാരഭ്രഷ്ടരാക്കാൻ കരിക്കൽ കോൺഗ്രസ്സിനു് മുസ്ലീംലീഗുമായും പി. എസ്. പി. ക്കാരുമായും നായനാരുമായും കൂട്ടുചേരാമെങ്കിൽ ഇന്നു ആ സ്റ്റോറിൽ പ്രസിഡണ്ടുഭരണമൊഴിവാക്കാൻ കോൺഗ്രസ്സിനു് എന്തുകൊണ്ടു് കേരളാ കോൺഗ്രസ്സുമായി കൂട്ടുചേർന്നുകൂടാ എന്നു് ചോദിച്ചുകൊണ്ടാണു് മുഖപ്രസംഗം ഉപസംഹരിച്ചിരിക്കുന്നതു്.

തൃശ്ശൂർ ഫുട്ബോൾ ടൂർണ്ണമെൻറു്

9-ാം വാർഷികം

ഇന്നു് 22_3_65 തിങ്കളാഴ്ച 5_15നു് പാലസ്സു് സ്റ്റേഡിയത്തിൽവെച്ചു്

ഹിന്ദുസ്ഥാൻ എയർക്രാഫ്റ്റു് V/s അലിൻഡ്സ് ക്ലബ്ബു്

(ബാംഗ്ലൂർ) (കണ്ണൂർ)

നിരക്കുകൾ കസേര 2_00 } ഗ്യാലറി 0_80പ 0_60പ പരിഞ്ഞാടം തെക്കു കിഴക്കു്

തെരഞ്ഞെടുപ്പുപരാജയത്തെപ്പറ്റി കമ്മ്യൂ: പാർട്ടിയുടെ ചർച്ച

(പി ടി ഐ) ന്യൂഡൽഹി, മാ. 21

കേരള തെരഞ്ഞെടുക്കലിൽ കമ്മ്യൂ: വലുപക്ഷസ്ഥാനാർത്ഥികൾക്കുണ്ടായ പരാജയത്തെപ്പറ്റിയുള്ള ചർച്ച കമ്മ്യൂ: പാർട്ടിയുടെ കേന്ദ്രകമ്മറ്റി ഇന്നും നടന്നുകൊണ്ടിരിക്കുകയാണു്. പാർട്ടിയുടെ കേരളകമ്മറ്റിയിൽനിന്നുള്ള ഒരു റിപ്പോർട്ടു് കമ്മറ്റിയുടെ മുമ്പിലുണ്ടു്. രാജേശ്വർറാവു, ഇസഡ്. എ അഹമ്മദ്, സോഹൻസിങ്ങ് ജോഷ്, ഭൂപേഷ് ഗുപ്ത, ഇന്ദ്രജിത്തു് ഗുപ്ത എന്നിവർ ഇന്നലെ നടന്ന ചർച്ചകളിൽ പങ്കുകൊണ്ടു. മുസ്ലീംലീഗ് അങ്കക്കുള്ള പ്രതിലോമകരികൾക്കെതിരായി സമരംചെയ്ത പാർട്ടിയുടെ നയം ശരിയായിരുന്നു എന്നാണു് പൊതുവിലുള്ള അഭിപ്രായം.

—

ഗോപിനാഥ പിള്ളയ്ക്കു് നോട്ടീസു്

എറണാകുളം, മാർച്ചു് 20

കെ. പി. സി. സി. പിരിച്ചുവിടണമെന്നാവശ്യപ്പെട്ടുകൊണ്ടു് കെ. പി. സി. സി. അംഗമായ ശ്രീ മാലേത്തു ഗോപിനാഥപിള്ള പത്ര പ്രസ്താവന പുറപ്പെടുവിച്ചതിനെപ്പറ്റിയുള്ള അച്ചടക്കനടപടിയുടെ പേരിൽ അച്ചടക്കനടപടിയെടുക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ ബോധിപ്പിക്കണമെന്നു് കെ. പി. സി. സി. കമ്മറ്റി ഗോപിനാഥപിള്ളയ്ക്കു് നോട്ടീസ് കൊടുത്തിരിക്കുന്നു.

ശ്രീ ഗോപിനാഥപിള്ള അയച്ചുകൊടുത്തതാണെന്നു പറഞ്ഞു് ഇങ്ങനെ ഒരു പ്രസ്താവന ഇന്നു ചില പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നു.

—0—

പെട്രോവകാശ ജാഥക്കു് സേനാസംരക്ഷണം

(റോയിട്ടർ) സെൽമ

[അലബാമ] മാ. 21

ഇന്നിവിടെനിന്നു് ആരംഭിക്കുന്ന ഒരു വമ്പിച്ച പൌരാവകാശജാഥക്കു് ആവശ്യമായ സംരക്ഷണം നൽകുന്നതിനു് സേനാവിഭാഗങ്ങൾ സന്നദ്ധമായി നിൽക്കുന്നുണ്ടെന്നു് ഉഴ്ന ഭരണകൂടം പ്രസ്താവിച്ചു.

....

എഡിൻബഗ്ഗ് പ്പട്ട ഇന്ത്യവിട്ടു

ജയപ്പൂർ മാ. 21

ജയപ്പൂർ മഹാരാജാവിൻറെയും, മഹാറാണിയുടെയും അതിഥിയായി ജൂപ് ദിവസം താമസിച്ചതിനുശേഷം എഡിൻബഗ്ഗ് പ്പട്ട ഇന്നു കുടുംബു് ഇവിടെനിന്നു് റോഡുമാർഗ്ഗമായി ഡൽഹിയിലേക്കു് പോയി. ഉച്ചയ്ക്കുശേഷം യാത്ര അയക്കുവാൻ മഹാരാജാവും, മഹാറാണിയും, രാജസ്ഥാൻഗവണ്മെണ്ടും അധ്യക്ഷത്തും വിമാനത്താവളത്തിൽവന്നിരുന്നു. പി ടി ഐ

നേതാജിവീണ്ടും

മദ്രാസു് മാ. 20

നേതാജി സുഭാഷ് ചന്ദ്രബോസ് ഇന്നു ജീവിച്ചിരിപ്പുണ്ടെന്നു മദ്രാസു് നിയമസഭയിലെ ഒരു ഫോർവേഡ് ബ്ലോക്ക് നേതാവു് ശ്രീ പി. കെ. മുത്തയ്യ തേവർ പ്രഖ്യാപിച്ചിരിക്കുന്നു.

നേതാജി ജീവിച്ചിരിപ്പുണ്ടെന്നുള്ളതിനു് തനിക്കു് മതിയായ തെളിവുണ്ടെന്നു അദ്ദേഹം പിന്നീടു പ്രസ്താവിച്ചു. നേതാജിയെക്കുറിച്ചു മറ്റെങ്കിലും അന്വേഷണം നടത്തുന്നുണ്ടെന്നു തേവർ ആവശ്യപ്പെട്ടു. നേതാജി 'മരു യുദ്ധകുറ്റവാളി' അല്ലെന്നു ഇന്ത്യാ ഗവർമെണ്ടു് വ്യക്തമായി പ്രഖ്യാപിക്കണമെന്നും അദ്ദേഹം പറഞ്ഞു. നേതാജി പുറത്തുവന്നാൽ അദ്ദേഹത്തിനെതിരായ മരുവിധ നടപടികളും തങ

ചാക്കോളാ ട്രോഫി

സി. ഐ. എൻ. ഇലക്ട്രോണിക്സ് എം. ഇ. ജി.യെ പരാജയപ്പെടുത്തി

ഇരുകൂട്ടരും ഫൈനലിൽ കൂടുതൽ മത്സരിച്ചു

തൃശ്ശൂർ മാർ 21

ഇന്നു് നടന്ന ചാക്കോളാ ട്രോഫി ഫുട്ട്ബോൾ മത്സരത്തിൽ സി. ഐ. എൽ. [ഇലക്ട്രോണിക്സ്] മറ്റപടിയില്ലാത്ത മൂന്നു ഗോളിനു നേടിക്കൊണ്ടു് സുപ്രസിദ്ധരായ ബാങ്കുകാർ എം. ഇ. ജി. ടീമിനെ അനായാസമായി പരാജയപ്പെടുത്തി സെമിഫൈനലിൽ പ്രവേശിച്ചിരിക്കുന്നു.

ആദ്യപകുതിയിൽ കളി നല്ല നിലവാരം പുലർത്തിയിരുന്നു. രണ്ടുകൂട്ടരും അവസരം ഫുട്ബോളിലുള്ള മികച്ച കഴിവുകൾ കാണിച്ചിരുന്നുവെന്നു പറയാം സി ഐ എൽ-ൽനിന്നു ഒരു പന്തു് ലഭിച്ചു് കുഞ്ഞപ്പയും, സെന്റർ ഹേഫർവേർഡു് ജോണും, ഗോൾകീപ്പർ അംജദ്ഖാനും ഒന്നിനൊന്നു മെച്ചപ്പെട്ട സാദ്ധ്യതകൾ നാരായണനും കേന്ദ്രീകരിച്ചു നടത്തിയ മുന്നേറ്റങ്ങൾക്കും എം ഇ ജി യുടെ ഡിഫൻസുകാരായ മാധവനും സേവിയറും തകർത്തുതരിപ്പണമാക്കി കൊണ്ടിരുന്നതു് കാണികളിൽ ആവേശം പകർന്നു. എം ഇ ജി യുടെ ഫോർവേഡുകളായ ജയരാഘവനും, ഗോവിന്ദരാജിനെ ഇർഫാൻ തട്ടിവീഴ്ത്തിയതിനു കിട്ടിയ ഫ്രീ കിക്കു് സി ഐ എൽ ഗോൾമുഖത്തു് അപകടങ്ങൾ സൃഷ്ടിച്ചുകൊണ്ടിരുന്നു. 26-മത്തെ മിനിറ്റിൽ സി ഐ എൻ ബാങ്കുകാരിൻറെ ഫോർവേഡു് നാരായണൻ ഒരു പന്തു് ലഫ്റ്റ് ഔട്ട് കൃഷ്ണപ്പയ്ക്കു് പാസ്ചെയ്തു കൊടുത്ത ആ പന്തു കൃഷ്ണപ്പയുടെ ഇടക്കോടിയ ഷോട്ടുകൊണ്ടു് അവരുടെ ആദ്യത്തെ ഗോളാക്കി.

സി ഐ എൽ ക്യാമ്പിൽ ഉത്സാഹം ഫാഗ്ദാരമായി ഇന്നു് ഒരു മന്ദഗതിയോടെയായി പോരാട്ടത്തിനിറങ്ങിയതു്. അംജദ്ഖാനെ പലപ്പോഴും എതിരാളികളെ കൈയ്യും പിടിച്ചുകൊണ്ടാണു് കളിച്ചിരുന്നതു്.

രണ്ടാമത്തെ പകുതിയിൽ അമ്പതാമത്തെ മിനിറ്റിൽ സി ഐ എൽ ക്യാപ്റ്റൻ നാരായണനിൽനിന്നു് ലഭിച്ച ഒരു ഫ്രീ കിക്കു് സ്കോർ ജോജ്ജു് ആരും വിചാരിക്കാത്തപോലെ പോസ്റ്റിലേയ്ക്കു് ഓടിപ്പോയ്കൊണ്ടിരുന്ന അവസരത്തിൽ ഗോളാക്കി മാറ്റിയതു്. ഈ ഗോൾ നേടി സി ഐ എൽക്കാരുടെ വിജയം സ്ഥാപിച്ചു. എം ഇ ജി യുടെ ഒസൻഭോക്കു് മാധവൻ നീട്ടിയടിച്ചുകൊടുത്ത ഒരു ബോൾ ഒസൻകാർഫോർവേർഡു് ഹരിദാസു് സി ഐ എൽക്കാരുടെ കാപ്റ്റൻ കൃഷ്ണപ്പയുടെ വുവിനെ വട്ടംകറക്കിക്കൊണ്ടു് ശോഗുമായ പ്രവേശിച്ചു് ഒരു അപകടസന്ധിയിൽ സി ഐ എൽ ക്കാരുടെ ലഫ്റ്റ്ഹാഫ് ഇദ്രീസിനെ തട്ടിയിട്ടു് മീതെ കിടന്നുകൊണ്ടു് ആക്രമിച്ചു് രചനാലറി ലഭിയിനിവെച്ചാണു് ആ ഗോളാം നേടിയതു് ഒരു പെനാലിറ്റികൊടുക്കേണ്ടതാണെന്നു് പലരും അഭിപ്രായപ്പെട്ടു.

ടീമുകളം

സി. ഐ. എൽ.

1 അബുബക്കർ, 2 ഫഖ്റുള്ള, 3 മഹമ്മദ് ഗൗസു, 4 ഇദ്രീസു, 5 കൃഷ്ണപ്പയും, [കേപ്റ്റൻ] 6 ഭാസ്കരപണിക്കർ, 7 നാരായണൻ, 8 അംജദ്ഖാൻ, 9 ജോജ്ജു, 10 ജോൺപോൾ, 11 കൃഷ്ണപ്പാ

എം. ഇ. ജി.

1 സുബ്രഹ്മണ്യൻ, 2 കേശവേലു, 3 മാധവൻ, 4 സേവിയർ, 5 വിൻസൻറാം, 6 വെങ്കിടേശ്, 7 ജയരാഘവനു, 8 ഗോവിന്ദരാജു, 9 ഹരിദാസു, 10 എതിരാജു (കേപ്റ്റൻ), 11 സുബാഷിയൻ.

ഇന്നത്തെ റഫറി ഗോപിയായിരുന്നു.

—

തലസ്ഥാനവാർത്തകൾ

(സ്വന്തം ലേഖകൻ) മാർച്ചു് 19

പുതിയതായി രൂപീകരിക്കപ്പെട്ട കേരള ഓൺസ്റ്റാട്ട് കോപ്പറേഷൻറെ ചെയർമാനും ജനറൽ മാനേജരുമായി ശ്രീ. പി. ഐ. ജേക്കബ്ബ് ഇന്നു മാസം 15-നു തീയതി ചാർജ്ജെടുത്തിരിക്കുന്നു.

ചീഫ് ഇലക്ട്രോറൽ ആഫിസർ

ഡപ്യൂട്ടി സെക്രട്ടറിയും ഡപ്യൂട്ടി ചീഫ് ഇലക്ട്രോറൽ ആഫിസറുമായ ശ്രീ. എ.സ് നാരായണൻ ഒദ്യോഗികചുമതല ഏറ്റു ജോയിൻ സെക്രട്ടറിയും ചീഫ് ഇലക്ട്രോറൽ ആഫിസറുമായി നിയമിതനായിരിക്കുന്നു.

സ്റ്റാറ്റിസ്റ്റിക്സ് കോപ്പറേഷൻ മാനേജിംഗ് ഡയറക്ടർ

ഇൻ സ്റ്റാറ്റിസ് ആൻറ് കോമേഴ്സ് ജോയിൻറ് ഡയറക്ടർ ശ്രീ തമ്പി തോമസ്സിനെ സ്റ്റാറ്റിസ്റ്റിക്സ് കോപ്പറേഷൻറെ മാനേജിംഗ് ഡയറക്ടറായും ഒരു വർഷത്തേയ്ക്കു് നിയമിച്ചു് ഉത്തരവായിരിക്കുന്നു.

മസ്തുരോഗനിവാരണ പ്രവർത്തനം

തിരുവനന്തപുരം നഗരത്തിലെ മസ്തുരോഗനിവാരണ പ്രവർത്തനങ്ങളുടെ ഒരു ഭാഗമായി എല്ലാ ബുധനാഴ്ചയും രാത്രി 8 മണിമുതൽ 9 മണിവരെ ഒരു കേന്ദ്രത്തിലുള്ള ഹൈലോയിഡ് കൺജംക്റ്റിവൈറ്റിസ് രോഗികൾക്കു് ചികിത്സ നൽകുന്നതാണു്. ഈ കേന്ദ്രം ഗവൺമെൻറ് ആശുപത്രിയിലെ ഒപ്താൽമോളജി വിഭാഗത്തിലായിരിക്കും പ്രവർത്തിക്കുന്നതു്.

ഡി. ഇ. ഒ. മാർ

തിരുവനന്തപുരം സംസ്കൃത കോളേജ് പ്രൊഫസർ ശ്രീമതി എസ് ഭവാനിഅമ്മയെ ട്രെയിനിംഗ് കോളേജുകളുടെ ഡയറക്ടറേറ്റിൽ ഡി. ഇ. ഒ. ആയും, കൊല്ലത്തെ ഗവൺമെൻറ് മോഡൽ സ്കൂൾ പ്രൊഫസർ ശ്രീമതി പി. രാജമ്മയെ ട്രെയിനോട്ടുചെയ്തു് തലശ്ശേരി ഡി. ഇ. ഒ. ആയും, പെരുമ്പാവൂർ ഗവൺമെൻറ് ഓറിയൻറൽ മോഡൽ സ്കൂൾ പ്രൊഫസർ ശ്രീ എം. എൻ. കരുണാകരൻനായരെ ട്രെയിനോട്ടുചെയ്തു് വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ അസിസ്റ്റൻറ് ഡയറക്ടറായും (പ്ലാനിംഗ്) നിയമിച്ചിരിക്കുന്നു. തലശ്ശേരി ഡി. ഇ. ഒ. ശ്രീ പി. ഠി. ജോസഫിനെ സ്റ്റോറ് എഡ്യൂക്കേഷൻ ഇൻസ്പെക്ടറേറ്റിലേക്കു് സ്ഥലം മാറ്റി നിയമിച്ചിട്ടുണ്ടു്.

സാങ്കേതിക വിദ്യാഭ്യാസ ബോർഡു്

സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ ബോർഡിലേക്കു് മൂന്നു് അംഗങ്ങളെക്കൂടി ഗവൺമെൻറ് നോമിനേറ ചെയ്തിരിക്കുന്നു. തിരുവനന്തപുരം എൻജിനീയറിംഗ് കോളേജിലെ ആർക്കിടെക്ചർ, ഒലി കണ്ട്രക്ഷൻ വിഭാഗങ്ങളിലെ പ്രൊഫസർമാരേയും, കൊല്ലം ടി. കെ. എം. എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പലിനേയും ഗവൺമെൻറ് നോമിനേറ്റ് ചെയ്തിട്ടുള്ളതു്, ഈ തോടെ ബോർഡിലെ അംഗസംഖ്യ 26 ആയി വർദ്ധിച്ചിട്ടുണ്ടു്.

പ്ലാസ്റ്റിക്സ് വ്യവസായ വിദഗ്ദ്ധൻറെ സന്ദർശനം

കേന്ദ്ര ചെറുകിട വ്യവസായ സ്ഥാപനത്തിലെ പ്ലാസ്റ്റിക്സ് വ്യവസായ വിദഗ്ദ്ധനായ ശ്രീ. എ ബി. ദിവാകർ മാർച്ചു് 24-നു മുതൽ ഏപ്രിൽ അഞ്ചുതീയതിവരെ കേരളം സന്ദർശിക്കുന്നതാണു്. റബ്ബർ പ്ലാസ്റ്റിക്സ് വ്യവസായത്തിലും ഇതുമായി ബന്ധപ്പെട്ട വ്യവസായങ്ങളിലും ഉള്ള പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും ചർച്ചചെയ്യുന്നതിനായി ഇദ്ദേഹം വിവിധ സ്ഥലങ്ങളിൽ യോഗങ്ങൾ വിളിച്ചുകൂട്ടുന്നതാണു്. റബ്ബർ പ്ലാസ്റ്റിക്സ് വ്യവസായത്തിൽ ഏർപ്പെട്ടിട്ടുള്ള സഹകരണ സംഘങ്ങൾക്കുള്ള സഹായ പദ്ധതിക്കു് ബ്ലോക്കു് ഡവലപ്പുമെൻറ് കമ്മിറ്റി അംഗീകാരം നൽകിയിരിക്കുന്നു.

ജനുവരി അവസാനംവരെ ഇരു സാമ്പത്തിക വർഷത്തിൽ അനുവദിക്കുവാൻ ബ്ലോക്കിൽ വികസന പ്രവർത്തനങ്ങൾക്കായി 1,10,858 രൂപയാണു് ചെലവു് ചെയ്യുവാൻ ഉള്ളതു്.

സഹകരണസംഘങ്ങൾക്കു് ഗ്രാൻറുകൾ

ചേർപ്പു് വികസന ബ്ലോക്കിൽ സഹകരണസംഘങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതിയനുസരിച്ചു് 11 സംഘങ്ങൾക്കു് ഗ്രാൻറ് നൽകിയിരിക്കുന്നു. എട്ടുമുന പന്നംകളം, അവണിശ്ശേരി, നെടുപുഴ, ആറാട്ടുപുഴ, എന്നീ സംഘങ്ങൾക്കായി 22349 രൂപയുടെ ഗ്രാൻറുകളാണു് അനുവദിച്ചിട്ടുള്ളതു്.

1947 48-ൽ ഒരു കോളേജും, ഹൈസ്കൂളുകളും, 13 മിഡിൽസ്കൂളുകളും, 278 പ്രൈമറിസ്കൂളുകളും മാണിപ്പോൾ ശ്രദ്ധേയമായിരുന്നു. ഈ സ്ഥാപനങ്ങളിൽ 30471 വിദ്യാർത്ഥികൾ പഠിച്ചിരുന്നു.

തൃശ്ശൂരിൽ ഇപ്പോൾ 13 കോളേജുകളും, 63 ഹൈസ്കൂളുകളും, 52 ജൂനിയർ ഹൈസ്കൂളുകളും, 308 മിഡിൽ സ്കൂളുകളും, 648 പ്രൈമറിസ്കൂളുകളും, 2086 ലോവർ പ്രൈമറി സ്കൂളുകളുമുണ്ടു്.

സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം മൂന്നിലൊന്നു് തൃശ്ശൂരിൽ മാത്രമായി ഒന്നരലക്ഷത്തിൽപരമായിട്ടുണ്ടു്.

മണപ്പുറം ഗവൺമെൻറ് 861 പട്ടികജാതിവിദ്യാർത്ഥികൾക്കും മറ്റിക്ക് പഠനത്തിനുള്ള പ്രത്യേക ഡെസ്റ്റിപ്പൻറുകളും ധനസഹായവും നൽകിവരുന്നുണ്ടു്.

മൂന്നുകോളേജ് കാംപസുകളും, മണപ്പുറത്തുള്ള ഒരു ലാകോളേജും, ഒരു മണിപ്പുറിനുത്തകോളേജും, ഒരു അടിസ്ഥാന പരിശീലനകോളേജും ഉണ്ടു്.

സാങ്കേതിക വിദ്യാഭ്യാസ മന്ത്രിയുടെ 1959-ൽ ആരംഭിച്ച വ്യവസായിക പരിശീലന ഇൻസ്റ്റിറ്റ്യൂട്ടു്, സർവ്വേ ഡ്രാ ഫ് ട് സ് മാൻ ഷിപ്പ്, ഇലക്ട്രിക്കൽ ഫിറ്റർ, മെക്കാനിക്കൽ എഞ്ചിനീയറിംഗ്, ഫിറ്റിംഗ്, ഷീറ്റ് മെറ്റൽ വർക്കു്, വെൽഡിംഗ്, ടർണർ, മെഷീനിസ്റ്റ്, ഡീസൽ മെക്കാനിക്കു് എന്നീ ട്രേഡുകളിൽ പരിശീലനം നൽകിവരുന്നുണ്ടു്.

പെൺകുട്ടികളുടെ വിദ്യാഭ്യാസം വികസിപ്പിക്കുന്നതിനു് 200 അദ്ധ്യാപികമാരെ നിയമിക്കുകയും 1961 62-ൽ ഏഴാവതുവരെ ദിവസം സ്കൂളിൽ ഫാജരായ വിദ്യാർത്ഥികൾക്കു് 240 ഫാജർ സ്റ്റേമ്പർഷിപ്പുകൾ നൽകുകയും ചെയ്തു. പൊതുവിദ്യാഭ്യാസം പുതിയതായി അദ്ധ്യാപനവൃത്തി സ്വീകരിക്കുന്നവർക്കു് ഒരു ട്രെയിനിംഗ് സ്കൂൾ തുടങ്ങുന്നതിനു് 5 ലക്ഷം രൂപ അനുവദിക്കുന്നതാണു്.

സെക്കണ്ടറി ഘട്ടത്തിൽ 15 ഹൈസ്കൂളുകളെ ഫയർ സെക്കണ്ടറി സ്കൂളുകളാക്കി മാറ്റുന്നതിനു് 19.30 ലക്ഷം രൂപയും സെക്കണ്ടറി സ്കൂളുകളിൽ ശാസ്ത്രപഠനം ഫുർവ്വപ്പെടുത്തുന്നതിനു് 11.70 ലക്ഷം രൂപയും ലൈബ്രറി പുസ്തകങ്ങൾ വാങ്ങുന്നതിനു് 5.50 ലക്ഷം രൂപയും കളിസ്ഥലങ്ങൾക്കു് 50,000 രൂപയും സ്കോളർഷിപ്പുകൾക്കും സ്റ്റൈപ്പൻഡുകൾക്കുമായി 162 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ടു്.

സർവ്വകലാശാലാവിദ്യാഭ്യാസതലത്തിൽ ഗവൺമെൻറ് സി. എം. കോളേജിൽ ഒൻറ വികസനത്തിനു് 3.25 ലക്ഷം രൂപയും ചെലവുചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടു്. പെൺകുട്ടികളുടെ വിദ്യാഭ്യാസവികാസത്തിനായി ഒരു ബ്രഹ്മകോളേജ് തുടങ്ങുന്നതിനു് 2 ലക്ഷം രൂപയും വകയിരുത്തിയിരിക്കുന്നു.

ജില്ലാ ലൈബ്രറി, കുട്ടികളുടെ ലൈബ്രറിയും മ്യൂസിയവും എന്നിവയുടെ വികസനം (50,000 രൂ.) എൻ. സി. സി., എ സി. സി. എന്നിവ ഏർപ്പെടുത്തൽ (2 ലക്ഷം രൂ.) ഫിസിക്കൽ സ്കൂളുകൾക്കും സംസ്കൃത പാഠശാലകൾക്കും ഗ്രാൻറ് നൽകൽ (2.5 ലക്ഷം രൂ.) എന്നിവയാണു് മൂന്നാം പദ്ധതിയിൽ ഉൾപ്പെടുത്തിട്ടുള്ള മറ്റു ചില പരിപാടികളും.

....

തൃശ്ശൂർ വാർത്തകൾ

കേരകൃഷിവ്യവസായത്തിൽ ഏർപ്പെട്ടിട്ടുള്ള സഹകരണസംഘങ്ങൾക്കുള്ള സഹായപദ്ധതിയനുസരിച്ചു് കണിമംഗലം ഡോൾസ് ആൻറ് ടോയ്സ് സഹകരണ നിർമ്മാണവ്യവസായസഹകരണസംഘത്തിനു് റിസിനൽ വ്യവസായവകുപ്പിൽനിന്നും ഡയറക്ടർ ആയിരത്തിഅഞ്ഞൂറുരൂപയുടെ വായ്പയും, 1340 രൂപയുടെ ഗ്രാൻറും അനുവദിച്ചിരിക്കുന്നു.

പാണഞ്ചേരി പുൽപ്പായ നെയ്ത്തുവ്യവസായ സഹകരണസംഘത്തിനു് 474 രൂപാ ഗ്രാൻറായി അനുവദിച്ചിട്ടുണ്ടു്.

തൃശ്ശൂർ ജില്ലയിലെ ഗതാഗത വികസനം

തൃശ്ശൂർജില്ലയിൽ ഇപ്പോൾ നടപ്പിലാക്കിവരുന്ന പദ്ധതികൾക്കു് ഈ സാമ്പത്തികവർഷത്തെ കഴിഞ്ഞ 10 മാസത്തിൽ ഗതാഗതവികസനത്തിനായി 6,54,351 രൂപാ ചിലവഴിച്ചിരിക്കുന്നു.

ബി ഡി സി അംഗീകാരം നൽകി

അന്തിക്കാടു് വികസന ബ്ലോക്കിൽ വിരിപ്പുകൃഷിയിൽ അടുത്ത സാമ്പത്തികവർഷത്തിൽ 20 കൃഷിപ്രദർശനപ്ലോട്ടുകൾ ഏർപ്പെടുത്തിയതിനും, മാവിൻതൈകൾ വിതരണം ചെയ്യുന്നതിനുമുള്ള പദ്ധതിക്കു് ബ്ലോക്കു് ഡവലപ്പുമെൻറ് കമ്മിറ്റി അംഗീകാരം നൽകിയിരിക്കുന്നു.

ഏകപുകൃഷി തുടർന്നുപോരുന്നതിനു് വേണ്ടതില്ല. മരുമകൾ വിധവയായി കാണണം എന്ന ദുരുദ്ദേശം പ്രകടിപ്പിക്കുന്ന ക്രൂരനായ ഒരു പിതാവിൻറെ ഭാഗമാണു് കെ. പി. സി. സി. പ്രസിഡണ്ടു് മുൻമുഖ്യമന്ത്രി ശങ്കറിൻറെയും അഭിപ്രായം. തങ്ങളുടെ അഭിപ്രായത്തെ കോൺഗ്രസ്സ് നിയമസഭാകക്ഷിയുടെ യോഗങ്ങളിൽ ശക്തിയായി പ്രകടിപ്പിച്ചിട്ടുണ്ടെന്നു് പ്രസ്തുത നിയമസഭാസാമാജികൻ ഇന്നലെ പ്രസ്താവിച്ചു.

കേരള കോൺഗ്രസ്സിൻറെ നേതൃത്വത്തിൽ കമ്മ്യൂണിസ്റ്റേതര ജനാധിപത്യകക്ഷികളുമായി മന്ത്രിസഭ ഉണ്ടാക്കുന്നതിനുള്ള സാഹചര്യം ഒരു കാരണവശാലും ഉണ്ടാക്കിക്കൊടുക്കരുതെന്നു് കെ. പി. സി. സി. പ്രസിഡണ്ടു് ഡൽഹിയിലുള്ള പാന്മള്ളി ഗോവിന്ദമേനോനെയായി രണ്ടുദിവസങ്ങൾക്കുമുമ്പു് ടെലഫോണിൽ സംസാരിച്ചതായി അദ്ദേഹം വെളിപ്പെടുത്തി. കേരളാകോൺഗ്രസ്സിൻറെ നേതൃത്വത്തിൽ ജനാധിപത്യകക്ഷികൾക്കു് ഒരു മന്ത്രിസഭ രൂപീകരിക്കുന്നതിനുള്ള അവസരം വൽകപ്പെട്ടാൽ കേരളത്തിൽ കോൺഗ്രസ് സംഘടനയുടെ നിലനില്പ് അപകടത്തിലാകുമെന്നു് പ്രധാനമന്ത്രിയേയും മറ്റു ബന്ധപ്പെട്ടവരേയും ഉടനെ ധരിപ്പിക്കുമെന്നും, എല്ലാവിധ മാസ്റ്റർ പനയഡിള്ളിക്കു് ടെലഗ്രാഫിലൂടെ നിർദ്ദേശം നൽകുകയുണ്ടായി എന്നും അദ്ദേഹം വെളിപ്പെടുത്തുകയുണ്ടായി ഇക്കാര്യങ്ങളാലാക്ക നാട്ടുകാർ അറിയേണ്ടതായതുകൊണ്ടാണു് താൻ ഈ രഹസ്യവിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർബ്ബന്ധിതനായതെന്നും കേരള സംസ്ഥാനത്തു് വീണ്ടും പ്രസിഡണ്ടുഭരണം ഏർപ്പെടുത്തുകയാണെങ്കിൽ അതിൻറെ ഉത്തരവാദിത്വത്തിൽനിന്നു് കെ. പി. സി. സി. ക്കു് ഒഴിഞ്ഞുമാറാൻ കഴിയുകയില്ലെന്നും, ആവശ്യമായ സന്ദർഭങ്ങളിൽ താൻ എല്ലാം രഹസ്യങ്ങളും തുറന്നുപറയുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

തിരുവനന്തപുരം, മാർച്ചു് 20

കോൺഗ്രസിൽ നിന്നു് 'ഗ്രൂപ്പ്ബേ' പറഞ്ഞ പിരിയേണ്ടിവന്നതിനെപ്പറ്റി ശ്രീ. കെ. പി. സി സി. പ്രസിഡണ്ടിൻറെയും മുൻ മുഖ്യമന്ത്രി ശങ്കറിൻറെയും അഭിപ്രായം നടപ്പാക്കാൻ പോകുന്നില്ലെന്നും അതുകൊണ്ടു് കോൺഗ്രസ്സ് കേരളത്തിൽ നിലനിൽക്കണമെങ്കിൽ 'രചനാത്മകമായ പ്രതിപക്ഷ'ത്തുമാത്രമേ പാടുള്ളൂ എന്നുമുള്ള പ്രസ്താവനയാണു് ഇന്നലെ പ്രസിഡണ്ടു് നടത്തിയതു്. കോൺഗ്രസ്സിൻറെ നേതൃത്വത്തിൽ കമ്മ്യൂണിസ്റ്റേതര ജനാധിപത്യകക്ഷികളുമായി മന്ത്രിസഭ ഉണ്ടാക്കുന്നതിനുള്ള സാഹചര്യം ഒരു കാരണവശാലും ഉണ്ടാക്കിക്കൊടുക്കരുതെന്നു് കെ. പി. സി. സി. പ്രസിഡണ്ടു് ഡൽഹിയിലുള്ള പാന്മള്ളി ഗോവിന്ദമേനോനെയായി രണ്ടുദിവസങ്ങൾക്കുമുമ്പു് ടെലഫോണിൽ സംസാരിച്ചതായി അദ്ദേഹം വെളിപ്പെടുത്തി. കേരളാകോൺഗ്രസ്സിൻറെ നേതൃത്വത്തിൽ ജനാധിപത്യകക്ഷികൾക്കു് ഒരു മന്ത്രിസഭ രൂപീകരിക്കുന്നതിനുള്ള അവസരം വൽകപ്പെട്ടാൽ കേരളത്തിൽ കോൺഗ്രസ് സംഘടനയുടെ നിലനില്പ് അപകടത്തിലാകുമെന്നു് പ്രധാനമന്ത്രിയേയും മറ്റു ബന്ധപ്പെട്ടവരേയും ഉടനെ ധരിപ്പിക്കുമെന്നും, എല്ലാവിധ മാസ്റ്റർ പനയഡിള്ളിക്കു് ടെലഗ്രാഫിലൂടെ നിർദ്ദേശം നൽകുകയുണ്ടായി എന്നും അദ്ദേഹം വെളിപ്പെടുത്തുകയുണ്ടായി ഇക്കാര്യങ്ങളാലാക്ക നാട്ടുകാർ അറിയേണ്ടതായതുകൊണ്ടാണു് താൻ ഈ രഹസ്യവിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർബ്ബന്ധിതനായതെന്നും കേരള സംസ്ഥാനത്തു് വീണ്ടും പ്രസിഡണ്ടുഭരണം ഏർപ്പെടുത്തുകയാണെങ്കിൽ അതിൻറെ ഉത്തരവാദിത്വത്തിൽനിന്നു് കെ. പി. സി. സി. ക്കു് ഒഴിഞ്ഞുമാറാൻ കഴിയുകയില്ലെന്നും, ആവശ്യമായ സന്ദർഭങ്ങളിൽ താൻ എല്ലാം രഹസ്യങ്ങളും തുറന്നുപറയുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സാർവ്വദേശീയനാണയങ്ങൾ

ഓരോ രാജ്യത്തും വിവിധനാണയങ്ങളാണു് നിലവിലുള്ളതെന്നു് എല്ലാവർക്കും അറിയാവുന്നതാണു്. എന്നാൽ അവ ഏതെല്ലാമാണെന്നു്, അവയുടെ സ്റ്റാൻഡാർഡ് എന്താണെന്നു് അധികമാളുകളുമറിഞ്ഞിരിക്കയില്ല. അവക്കായി സാർവ്വദേശീയ നാണയ (Inter national Currency) ങ്ങളുടെ ഒരു വിവരണം ചുവടെ കൊടുക്കുന്നു. ഈ നാണയങ്ങളുടെ വില (Value) മനസ്സിലാക്കുന്നതിനുവേണ്ടി അവയെ നമ്മുടെ ഇന്ത്യൻ രൂപകളുമായി താരതമ്യപ്പെടുത്തി അവസാന കോളത്തിൽ കൊടുത്തിട്ടുണ്ടു്.

ഓരോ നാണയത്തിനും ഓരോ ചിഹ്നം ഉപയോഗിക്കാറുണ്ടു്. അതായതു് രൂപ (Rupees) എന്നതിനു് നാം എഴുതാറുള്ളതു് Rs എന്നാണല്ലോ. ബ്രിട്ടനിലെ നാണയമായ സ്റ്റെർലിംഗ് പവൺഡിനു് (Sterleiug pound) £ എന്ന അടയാളമാണിട്ടുകം ഇങ്ങനെയുള്ള ചിഹ്നങ്ങളാണു് മൂന്നാം കോളത്തിലുള്ളതു്.

രാജ്യം	നാണയം	ചിഹ്നം	100 രൂപ
അമേരിക്ക (U S A)	ഡോളർ	S	21
അഫ്ഘാനിസ്ഥാൻ	അഫ്ഘാനി	A	1050
ആസ്ട്രിയ	സ്ചില്ലിംഗ്	Sc.	542
ആസ്ട്രേലിയ	ആസ്ട്രേലിയൻ പവൺ	A£	94
ആർജൻറീന	പെസോ	Ps	2902
ഇംഗ്ലണ്ടു്	സ്റ്റെർലിംഗ്പവൺ (പവൻ)	£	75
ഇറാലി	ലാ	Lr	13050
ഇൻഡോനേഷ്യ	റുപയാ	R	945
ഇറാൻ (പേർഷ്യ)	റയൽ	RI	1595
ഇറാക്ക്	ഡിനർ	I Dn	7.5
ഈഡൻ	ഈസ്റ്റ്ആഫ്റിക്കൻഷില്ലിംഗ്സ്	Sh	150
കാനഡ	ഡോളർ	Can	22 70
കൂവൈറ്റ് (പേഷ്യൻഗൾഫ്)	ഡിനർ	K Dn,	7 5
ചെക്കോസ്ലോവാക്കിയ	ക്രൂൺ	Kc	152
ജപ്പാൻ	യെൻ	Y	7613
ജർമ്മനി	മാർക്ക്	DM.	84
ഡെൻമാർക്ക്	ക്രോണർ	D Cr.	145
നോർവേ	ക്രോണർ	Kr.	150
പാകിസ്ഥാൻ	രൂപ്പി	Rs.	100
പോർട്ടുഗൽ	എസ്ക്യൂഡോ	Esc	601
ഫിലിപ്പൈൻസ്	പെസോ	Ps	65
ഫ്റാൻസ്	ഫ്റാങ്ക്	F Fr.	103
ബെൽജിയം	ഫ്റാങ്ക്	B Fr.	1047
ബ്രസീൽ	ക്രൂസെറിയോ	Crz.	12802
മെക്സിക്കോ	പെസോ	Ps	262
സ്വയം	ബ്രാഹത്-ടികൽ	B	435
സിംഗപ്പൂർ	ഡോളർ	S	65
സ്പെയിൻ	പെസറാ	Ptas	1258
സ്വീഡൻ	ക്രോണ	Kr	109.5
സ്വിറ്റ്സർലണ്ടു്	ഫ്റാങ്ക്	S Fr.	91.9
യു S S. R.	റുബിൾ	Bhl.	19

മുഖച്ഛായ മാറുന്ന മണിപ്പൂർ

മൊത്തം 22349 ചതുരശ്രകിലോമീറ്റർ വിസ്തീർണ്ണവും 7.80 ലക്ഷം ജനസംഖ്യയുമുള്ള മണിപ്പൂർ വ്യത്യസ്തമായ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിട്ടുണ്ടു്. അവിടത്തെ ജനസംഖ്യയിൽ 30.3 ശതമാനം പേർ സാക്ഷരരാണു്. പരുഷന്മാർ 1.75ലക്ഷവും സ്ത്രീകൾ 63,000-പേരുമും, അങ്ങിനെ 45.1 ശതമാനം പുരുഷന്മാരും 15.9 ശതമാനം സ്ത്രീകളും സാക്ഷരതാനേടിയവരാണു്.

1877-ൽ ഒരു മിഡിൽ സ്കൂൾ തുടങ്ങുന്നതുവരെ മണിപ്പൂരിൽ ആധുനികവിദ്യാഭ്യാസം ആരംഭിച്ചിരുന്നില്ല. എന്നാൽ 20-നൂറാണ്ടുവരെ കാര്യമായ പുരോഗതി ഒന്നും ഉണ്ടായില്ല. 1900 ആയപ്പോൾ 17 പ്രൈമറി സ്കൂളുകളെ ഉണ്ടായിരുന്നുള്ളൂ. ഇക്കാലത്തിനിടക്കു് യാതൊരു മിഡിൽ സ്കൂളും സ്ഥാപിക്കപ്പെടുകയുണ്ടായില്ല.

രണ്ടാംലോകമഹായുദ്ധകാലത്തു് മണിപ്പൂർ സജീവമായിത്തീർന്നു. സഖ്യരാജ്യങ്ങളിൽനിന്നുള്ള സൈനികരുടെയും ഗസ്ഥന്മാരും സിവിലിയന്മാരുമായി സമ്പർക്കത്തിലേർപ്പെട്ടതുകാരണം തങ്ങളുടെ പിന്നോക്കാവസ്ഥയും വിദ്യാഭ്യാസകാര്യങ്ങളുടെ അപര്യാപ്തതയും അവിടത്തെ ജനങ്ങൾക്കു് ബോധ്യമായി. ചില സ്ഥാപനങ്ങളും യുദ്ധകാലത്തു് നശിപ്പിക്കപ്പെട്ടിരുന്നു. പിന്നീടു് അവ പുതുക്കിപണിയുകയാണുണ്ടായതു്.

1947 48-ൽ ഒരു കോളേജും, ഹൈസ്കൂളുകളും, 13 മിഡിൽസ്കൂളുകളും, 278 പ്രൈമറിസ്കൂളുകളും മണിപ്പൂരിലുണ്ടായിരുന്നു. ഈ സ്ഥാപനങ്ങളിൽ 30471 വിദ്യാർത്ഥികൾ പഠിച്ചിരുന്നു.

മണിപ്പൂരിൽ ഇപ്പോൾ 13 കോളേജുകളും, 63 ഹൈസ്കൂളുകളും, 52 ജൂണിയർ ഹൈസ്കൂളുകളും, 308 മിഡിൽ സ്കൂളുകളും, 648 പ്രൈമറിസ്കൂളുകളും, 2086 ലോവർ പ്രൈമറി സ്കൂളുകളുമുണ്ടു്.

സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം മണിപ്പൂരിൽ മൂന്നരലക്ഷത്തിൽപരമായിട്ടുണ്ടു്.

മണിപ്പൂർ ഗവൺമെൻറ് 861 പട്ടികജാതിവിദ്യാർത്ഥികൾക്കും മറ്റിക്ക് പഠനത്തിനുള്ള പ്രത്യേക ഡെസ്റ്റിപ്പൻറുകളും ധനസഹായവും നൽകിവരുന്നുണ്ടു്.

മൂന്നുകോളേജ് കാംപസുകളും, മണിപ്പൂരിൽ ഒരു ലാകോളേജും, ഒരു മണിപ്പുരിനുത്തകോളേജും, ഒരു അടിസ്ഥാന പരിശീലനകോളേജും ഉണ്ടു്.

സാങ്കേതിക വിദ്യാഭ്യാസ മന്ത്രിയുടെ 1959-ൽ ആരംഭിച്ച വ്യവസായിക പരിശീലന ഇൻസ്റ്റിറ്റ്യൂട്ടു്, സർവ്വേ ഡ്രാ ഫ് ട് സ് മാൻ ഷിപ്പ്, ഇലക്ട്രിക്കൽ ഫിറ്റർ, മെക്കാനിക്കൽ എഞ്ചിനീയറിംഗ്, ഫിറ്റിംഗ്, ഷീറ